**2. Unrest in Hailey Baria Estate, Peermade.**

Shri Prakkulam Bhasi also has given notice of an adjournment motion about "The grave and serious situation and the unrest and feeling of insecurity among the plantation workers that have arisen out of the refusal of the Management of the Hailey Baria Estate, Peermade, to take any action as instructed by the Government."

Estates fall under Labour. Has the Chief Minister anything to say in the matter?

*Chief Minister* (SHRI PANAMPILLI GOVINDA MENON): I cannot make any definite statement. I have promised the Member to look into it.

**Calling Attention to a Matter of Urgent Public Importance.**
**Re: Assault on a Student in the Enadimangalam E. H School.**

MR. SPEAKER: Shri K. S Krishna Sastri has called the attention of the House to a matter of urgent public importance under Rule 66 of the Rules of Procedure.

"I hereby request you to grant me permission to call the attention of the Chief Minister and the Home Minister to a matter of urgent public importance namely the cruel assault by Sri John, Manager and Sri Jacob, teacher of the Enadimangalam English High School in Kunnathur Taluk on Sry. Kurumba, a pupil of Form II resulting in serious injuries and disablement to the pupil, and subsequent local developments."

This is an individual matter and no reply is necessary. I disallow this.

**Re: Stoppage of Coconut Yarn Production in Chirayinkil.**

ശ്രീ. ആർ. പ്രകാശം: സർ, ഒരു പായിൻറെ അഫ് ആർഡർ. റൂൾ 66 അനുസരിച്ച് ഞാൻ നോട്ടീസ് തന്നിട്ടുള്ള നോട്ടീസിനെ മുഖ്യമന്ത്രി ഇന്നു മറുപടി പറയാമെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. അതിനെപ്പറ്റി അറിഞ്ഞാൻകൊള്ളാം.

MR. SPEAKER: May I know whether the Chief Minister has the statement ready regarding Mr. Prakasam's notice under Rule 66?

*Chief Minister* (SHRI PANAMPILLI GOVINDA MENON): Yes, Sir.

MR. SPEAKER: Mr. Prakasam may make a statement.

ശ്രീ. ആർ. പ്രകാശം: സർ, ചിറയിൻകീഴ് താലൂക്കിലെ തിരുവനന്തപുരം ജില്ലയിൽ കയർതൊഴിലാളികൾ അനുഭവിക്കുന്ന ദുരിതങ്ങളെപ്പറ്റി ഇന്ന് സഭയുടെ ശ്രദ്ധയിൽ ചില കാര്യങ്ങൾ കൊണ്ടുവരണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഈ കാര്യത്തെക്കുറിച്ച്, കയർതൊഴിലാളികളുടെ പല വിധത്തിലുള്ള വിഷമതകളെക്കുറിച്ച് പലപ്രാവശ്യവും പല മെമ്പർന്മാരും ഇവിടെ സംസാരിച്ചിട്ടുണ്ട്. ചിറയിൻകീഴ് താലൂക്കിലെ കയർതൊഴിലാളികൾ അനുഭവിക്കുന്ന അവശതകൾ, തിരുവിതാംകൂർ രാജ്യത്തിലെ തൊഴിലാളികൾ, മുഖ്യമായി കയർ തൊഴിലാളികൾ അനു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വേലക്കുന്ന ദുരിതങ്ങളുടെ ഒരു ഭാഗം മാത്രമാണ്. സർ, ഇന്നു ചിറയിൻകീഴ് താലൂക്കിൽ എന്താണ് നടക്കുന്നത്? മുപ്പതിനായിരം തൊഴിലാളികൾ തൊഴിലില്ലാതെ, ജോലി സ്ഥിരതയില്ലാതെ വിഷമിക്കുകയാണ്. അവർക്ക് സ്ഥിരമായി ജോലി ലഭിച്ചുവരുന്നില്ല. അതിനുകാരണം മറ്റൊന്നുമല്ല. മിനിമംവേജസുപ്രശ്നം സങ്കീർണ്ണമായ ഒരു പ്രശ്നമാണെന്നു പറഞ്ഞുകൊണ്ട് പത്തുമാസത്തോളമായി ഈ ഗവണ്മെൻറ് ഒളിച്ചുകളിക്കുകയാണ്. സർ, എന്താണ് ഈ പ്രശ്നം? തൊണ്ട് വിലയ്ക്കുവാങ്ങിച്ച് ഉൽപ്പാദനംനടത്തുന്ന ഇടത്തരക്കാരായ ഉൽപ്പാദന്മാർ, മിനിമംവേജസ് കൊടുക്കുന്നതിനുവേണ്ടി തൊണ്ടിന്റെ വിലകൂട്ടിക്കിട്ടണമെന്നു ആവശ്യപ്പെടുന്നു. തൊണ്ടിനു വില കൂട്ടുന്നതിനെ ഞാൻ എതിർക്കുന്നില്ല. മിനിമംവേജസ് എൻഫോഴ്സ് ചെയ്യേണ്ടതു ഗവണ്മെൻറാണ്. അതു എൻഫോഴ്സ് ചെയ്യാമെന്നു മുഖ്യമന്ത്രി പറഞ്ഞിട്ടുമുണ്ട്. പക്ഷേ ഇതുവരെ യാതൊരു നടപടിയും എടുത്തിട്ടില്ല. അവിടെ, ലേബർ ആഫീസർ ചില തൊഴിലാളിമാരുടെ പേരിൽ മഹസർ തയ്യാറാക്കി, പ്രോസിക്യൂഷൻ നടപടികൾ നടത്തിയിട്ടും ഗവണ്മെൻറ് മിനിമംവേജസ് എൻഫോഴ്സ് ചെയ്യാനുള്ള നടപടികൾ ഒന്നും നടത്തിയിട്ടില്ല. ഇതൊരു സങ്കീർണ്ണമായ പ്രശ്നമാണെന്നു പറഞ്ഞു, മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ഒഴിഞ്ഞുമാറി നിൽക്കുകയാണ്. എനിക്കു പറയാനുള്ളത്, സങ്കീർണ്ണമായ ഈ പ്രശ്നം പരിഹരിക്കാൻ നിവൃത്തിയില്ലാതെ മന്ത്രിമാർ ഒഴിഞ്ഞുനിൽക്കുന്നതു ശോകസങ്കുലമായ മറ്റൊരു സങ്കീർണ്ണപ്രശ്നം ആണെന്നാണ്. ഇങ്ങനെ പാവപ്പെട്ട തൊഴിലാളികളോട് പെരുമാറുന്ന മന്ത്രിമാരെ വച്ചുവാഴിക്കാൻ അവർ അങ്ങേയറ്റം എതിരാണെന്നുള്ള വിവരം ഞാൻ ഈ സഭയെ അറിയിക്കുകയാണ്. സർ, ഞാൻ ചോദിക്കുന്നു നാണമില്ലെ ഈ മന്ത്രിമാർക്ക്, മിനിമംവേജസ് എല്ലാ തൊഴിലാളിമാരെക്കൊണ്ടും അംഗീകരിപ്പിക്കാൻ സാധിക്കാത്തതിൽ എന്ത്? പല തവണ ഇതേപ്പറ്റി നിവേദനങ്ങൾ നടത്തിയിട്ടുള്ളപ്പോഴെല്ലാം മന്ത്രി പറഞ്ഞതു, മിനിമംവേജസ് എൻഫോഴ്സ് ചെയ്യുമെന്നും അങ്ങനെ ഈ പ്രശ്നം പരിഹരിക്കുമെന്നുമായിരുന്നു. ഇതുവരെ ഒരു തീരുമാനവുമുണ്ടായിട്ടില്ല. സർ, ഇന്നു ബഹുമാനപ്പെട്ട മന്ത്രി ഇരിന്നു ഖണ്ഡിതമായി ഒരുറപ്പുതരുമെന്നു ഞാൻ വിശ്വസിക്കുകയാണ്. ഈ നാട്ടിലെ വിശേഷിച്ചും ചിറയിൻകീഴ്താലൂക്കിലെ തൊഴിലാളികളുടെ പേരിൽ ഞാൻ മുഖ്യമന്ത്രിയോടു ആവശ്യപ്പെടുകയാണ്, കയർതൊഴിലാളികളുടെ അവശതകൾ ഉടനടി പരിഹരിക്കണമെന്ന്. ഞാൻ ഇതു പറയുമ്പോൾ നാട്ടിലുള്ള തൊഴിലാളികൾ എല്ലാം ഞങ്ങളുടെ പിന്നിൽ ഉണ്ടായിരിക്കുമെന്നു പറയാൻ ആഗ്രഹിക്കുന്നു. ചിറയിൻകീഴ് താലൂക്കിലെ കയർതൊഴിലാളികളുടെ അവശതകൾ പരിഹരിക്കുന്നതിനും, മിനിമംവേജസു നടപ്പിലാക്കുന്നതിനും ഈ വൈകിയവേളയിലെങ്കിലും ഗവണ്മെൻറ് ധീരമായ നടപടികൾ കൈക്കൊള്ളണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്.

SHRI PANAMPILLI GOVINDA MENON: I am extremely sorry that this Rule 66 for calling attention to matters of urgent public importance has been made use of by the hon. Member to make a political speech. I suppose that is not the intention of the Rule and the statement which the hon. Member has given is false. There is nothing regarding implementation of the minimum wages rules there. Therefore, I have not come

ready to make a counter-statement regarding the minimum wages rules. I hope, Sir, you will see that this Rule is adhered to in the proper form. The statement made by Mr. Prakasam will show that he has not adhered to the matter which he has raised.

'I wish to call the attention of the Minister for labour to the urgent and important situation which has arisen in the coastal areas of Chirayinkil taluk due to the stoppage of coir yarn production by the local employers. This has resulted in the virtual unemployment of 30,000 workers. The matter arose out of the unwillingness of raw material (cocoanut husk) owners to supply the same at reasonable prices so that the workers may get the minimum wage notified by the Government.' On the assumption that the hon. Member still requires a reply on what he gave me notice of I thought I shall give a statement.

ശ്രീ. ആർ. പ്രകാശം : മുഴുവനും വായിച്ചില്ല. ഇനിയും ചില വാചകം കൂടി ഇല്ലേ?

ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ : എനിക്ക കിട്ടിയതിൽ വേറെ ഒന്നും കാണുന്നില്ല.

Sir, the Travancore Coir Workers' Union with its head-quarters at Vakkom has started an agitation along with certain other Trade Union organisations in Chirayinkil on the 5th of October in order to ensure the sale of retted husks at a rate not more than Rs. 45 per thousand so as to make it possible for the minimum wages fixed and enforced by Government to be paid without difficulty by the producers. The agitators also accepted any price exceeding Rs. 45 per thousand. The agitators have been holding several meetings prior to the 6th of this month to explain the issue and to vindicate the attitude they are taking in the matter. The agitation was going on peacefully for about three days from the 5th to the 7th of this month. As a consequence of this agitation, however, a section of the workers began to detach themselves from the movement and to oppose it effectively fearing that if the agitation was to continue, it would bring about a dead-lock in the industry and throw several of them out of employment. That was why I stated that the question was a very complex one. As a result of this there were several collisions among the labourers from the 8th instant Scuffles have been reported from Perunthura, Azhoor and Arathuruthu. In Kottaramthuruthu events moved so

LIBRARY ARCHIVES Kerala Legislative Assembly

rapidly that the police had to register a case in connection with the scuffle between the labourers. Now the original sponsers of this agitation have adopted obstructive tactics by preventing labourers who are otherwise willing to work from going to work. The report that there is a dead-lock in the spinning side of the industry as a result of the agitation and that there is a police case is not a fact. Although the volume of work in Vakkom, Angengo, Kaikara and Nedunganda has been decreased to a certain extent it has not become slack. It cannot be said that it has been due to or in consequence of the present agitation. That position was more or less prevalent for one month commencing from the Onam holidays. I have not anything more to state. There is some trouble in the industry now and the matter has to be looked into and I again invite the co-operation of all sections of this House to evolve a solution for this vexed and complex problem.

ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. റൂൾ 66 അനുസരിച്ച്, അതുയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ള എൻറെ അപേക്ഷയെ സംബന്ധിച്ച്, ബഹുമാനപ്പെട്ട ഗവണ്മെൻറിൻറെ അറിവിനായി ഒരു സ്റ്റേറ്റുമെൻറ് പുറപ്പെടുവിക്കാനുള്ള അനുവാദം ലഭിച്ചാൽ കൊള്ളാം.

മി. സ്പീക്കർ : റൂൾ 66 അനുസരിച്ച് ഒരുദിവസം ഒരു മോഷൻ മാത്രമെ എടുക്കാൻ നിവൃത്തിയുള്ളു എന്ന റൂൾ എല്ലാ മെംബറന്മാരും മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഒരെണ്ണം തീർച്ച് സംസാരിച്ചു കഴിഞ്ഞാൽ പിന്നെ ഒന്നുകൂടെ അന്നുതന്നെ റെയിസുചെയ്യാൻ ഒരു മെംബർക്കും അവകാശമില്ല.

ശ്രീ. പ്രാക്കുളം ഭാസി : സർ, ഞാൻ റൂൾ 66 അനുസരിച്ചു ഒരു മോഷ്യൻ മുൻപു അയച്ചിരുന്ന നോട്ടീസിനു് മുഖ്യമന്ത്രി മറുപടി പറയുമെന്നു ഏറ്റിരുന്നു.

മി. സ്പീക്കർ : അതിനെപ്പറ്റി നാളെ മുഖ്യമന്ത്രി ഒരു വിശദീകരണം നൽകുന്നതായിരിക്കും.

ശ്രീ. കെ. എ ബാലൻ : സർ, മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ ചില സംശയങ്ങൾ ഉള്ളതു ദൂരീകരിക്കാൻ അവസരം ലഭിച്ചാൽ കൊള്ളാം.

മി. സ്പീക്കർ : അതിനുള്ള അവസരം കഴിഞ്ഞുപോയി.

## Reports of the Public Accounts Committee.

ശ്രീ ജോസഫ് മുണ്ടശ്ശേരി : സർ, പബ്ലിക്ക് അക്കൌണ്ട്സ് കമ്മിറ്റിയുടെ ഒന്നാമത്തെ റിപ്പോർട്ട്, ആ കമ്മിറ്റിയുടെ ചെയർമാൻ എന്ന നിലയിൽ ഞാൻ അവതരിപ്പിക്കുന്നു. 1953-54-ലെ അപ്രോപ്രിയേഷൻ ബില്ലും, 1954-ലെ ആഡിറ്റ് റിപ്പോർട്ടും അനുസരിച്ചാണ്

LIBRARY ARCHIVES Kerala Legislative Assembly